കണ്ണൂർ ജില്ലയിൽ പടിയൂർ കല്ല്യാട് ഗ്രാമ പഞ്ചായത്തിൽ കല്യാട് അന്താരാഷ്ട്ര ആയുർ വേദ ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിൻ മേൽ വിദഗ്ധ സമിതിയുടെ ശുപാർശ

തീയ്യതി: 26.02.2019

കണ്ണൂർ ജില്ലയിൽ പടിയൂർ കല്ല്യാട് പഞ്ചായത്തിൽ കല്യാട് അന്താരാഷ്ട്ര ആയുർ വേദ ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നതിനു ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് കേരള വൊളണ്ടറി ഹെൽത്ത് സർവ്വീസ് കോട്ടയം എന്ന ഏജൻസി നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധ സമിതി കണ്ണൂർ ജില്ല കലക്ടറുടെ 09.2.2019ലെ ഡിസികെഎൻആർ /15045/2017/സി4 നമ്പർ നടപടി ക്രമ പ്രകാരം രൂപവൽക്കരിച്ചിരുന്നു. അതു പ്രകാരം ഈ സമിതിയുടെ പ്രഥമ യോഗം 22.02.2019ന് രാവിലെ 11 മണിക്ക് കല്യാട്ടുള്ള സ്പെഷ്യൽ തഹസിൽദാർ (ലാന്റ് അക്വിസിഷൻ ) ഓഫീസിൽ ചേർന്നു.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലുള്ള കാര്യങ്ങളെ സംബന്ധിച്ച് സമിതി വിശദമായി ചർച്ച ചെയ്തു. തിരുവനന്തപുരം ആയുർ വേദ മെഡിക്കൽ കോളജ് ആശുപത്രിയുടെ സൂപ്രണ്ടും, പദ്ധതിയുടെ സാങ്കേതിക വിദഗ്ധനുമായ ഡോ. സി രഘുനാഥൻ നായർ ആയുർ വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയെക്കുറിച്ച് വിശദമായി വിവരിച്ചു. ആയുർവേദത്തിന്റെ സമഗ്ര വികസനത്തിനും ഔഷധ സസ്യ സംരക്ഷണത്തിനുമായി 300 കോടി രൂപ ചെലവിൽ കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സാമ്പത്തിക സഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേരളീയ ശിൽപ ശൈലിയിൽ പ്രകൃതി സൗഹ്യദമായാണ് ഗവേഷണ കേന്ദ്രം നിർമ്മിക്കുന്നത്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് 15 കി.മി ദൂരം മാത്രമേ ഉള്ളൂ എന്നതിനാൽ വിദേശികളെയും ആകർഷിക്കാനാവുന്ന രീതിയിലാണ് ഈ പദ്ധതി. ഗവേഷണ കേന്ദ്രം, അന്താരാഷ്ട്ര നിലവാരത്തിലുള്ള ആശുപത്രി, ഔഷധോദ്യാനം, ലോകത്തിലെ വിവിധ പാരമ്പര്യ ചികിൽസാ രീതികളും ആയുർവേദ വിജ്ഞാനീയവും പ്രദർശിപ്പിക്കുന്ന മ്യൂസിയം ,ശാസ്ത്രജ്ഞർക്കും ജീവനക്കാർക്കും താമസ സൗകര്യം, ഉപകരണങ്ങൾ ലാബ് സൗകര്യം, അതിഥി മന്ദിരം പ്ലാന്റ് കെട്ടിടം എന്നിവയാണ് സ്ഥാപിക്കുന്നത്. ഔഷധങ്ങളുടെ ക്ലിനിക്ക്, പരീക്ഷണ ഉത്പാദനം എന്നിവയും ഉണ്ടായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് സമിതി അംഗങ്ങൾ സ്ഥലം പരിശോധിച്ചു.

ഇരിട്ടി താലൂക്കിലെ കല്യാട് വില്ലേജിലെ കല്യാട് ദേശത്തുള്ള റി.സ 46/4,48 എന്നിവയിൽപ്പെട്ട 311.76 ഏക്കർ (126.2186 ഹെക്ടർ) സ്ഥലമാണ് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഏറ്റെടുക്കുന്നത് .പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ 26.02.2019-ാം തീയ്യതി ഉച്ചയ്ക്ക് ശേഷം 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ സമിതിയുടെ അന്തിമ യോഗം ചേർന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്ത ശുപാർശകൾ സമർപ്പിക്കുന്നു.

1. അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർ വേദ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു വേണ്ടിയായതിനാൽ ഈ ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിനു വേണ്ടിയാണ്.

2. ഏകദേശം 300 കോടി ചെലവിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിനു വേണ്ടി ഏറ്റെടുക്കുന്ന ഈ സ്ഥലത്തിന്റെ 95 ശതമാനം ഭാഗവും ചെങ്കല്ല് നിറഞ്ഞ തരിശ് പ്രദേശമാണ്. ആയതിനാൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന ആഘാതം വളരെ കുറഞ്ഞതിനാൽ നിർദ്ദിഷ്ട സ്ഥലത്തിനു പകരമായി മറ്റ് സ്ഥലം കണ്ടെത്തേണ്ട ആവശ്യമില്ല .ഗവേഷണ കേന്ദ്രം, അന്താരാഷ്ട്ര നിലവാരത്തിലുള്ള ആശുപത്രി, ഔഷധോദ്യാനം, മ്യൂസിയം മുതലായ ആവശ്യ

ങ്ങൾ നിറവേറ്റപ്പെടുമെന്നതിനാൽ ഇപ്പോൾ ഏറ്റെടുക്കുന്ന സ്ഥലം ഏറ്റവും കുറഞ്ഞ അളവിലാണെന്ന് കാണുന്നു.

3. ഈ പദ്ധതിയുടെ ഭാഗമായി 3 കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ട്. അവർക്ക് 2013ലെ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തനിനുമുള്ള അവകാശ നിയമം ,29.12.2017ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 448/17/ ആർഡി എന്നിവയിൽ അനുവദിച്ചിട്ടുള്ള പാക്കേജ് ആനുകൂല്യം യഥാസമയം ലഭ്യമാക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.

4. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം തൊഴിലിനോ,കൃഷിക്കോ,പരിസ്ഥിതിക്കോ വരുമാനത്തിനോ ആഘാതങ്ങളില്ല എന്ന് പഠന റിപ്പോർട്ടിനോട് യോജിക്കുന്നു.

5. പൊതു സമൂഹത്തിന്റെ ഉപയോഗത്തിനുള്ള അംഗൻ വാടികൾ, ആരാധനാലയങ്ങൾ, കളിസ്ഥലങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ എന്നിവ ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ഉൾപ്പെടാത്തതിനാൽ പൊതു ജനങ്ങൾക്ക് ഈ പദ്ധതി മൂലം ആഘാതങ്ങളില്ല.

6. ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയിൽ സർക്കാർ ഭൂമിയും, മിച്ച ഭൂമിയും ഉൾപ്പെട്ടതായി റിപ്പോർട്ടിൽ കാണുന്നു. ആയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് എന്ന് ശുപാർശ ചെയ്യുന്നു.

7. ഏറ്റെടുക്കാത്ത സ്ഥലങ്ങളിലെ വീട്ടുടമകൾക്കും സ്ഥല വാസികൾക്കും ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി സ്ഥലമെടുക്കുന്നതു മൂലം നിലവിലുള്ള റോഡു സൗകര്യം നഷ്ടപ്പെടുകയാണെങ്കിൽ ബദൽ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കണമെന്ന് ശുപാർശ ചെയ്യുന്നു.

8.ശ്മശാനങ്ങൾ ഏറ്റെടുക്കുന്ന സ്ഥലത്ത് ഉൾപെടുന്നുവെന്ന് റിപ്പോർട്ടിൽ കാണുന്നു. ആയത് ഒഴിവാക്കുന്നതിന് സാങ്കേതിക തടസ്സമില്ലെങ്കിൽ ഒഴിവാക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

9. സ്ഥലം ഏറ്റെടുക്കന്നതു മൂലം കുടിയൊഴിക്കപ്പെടുന്ന കുടംബങ്ങളിലുള്ളവർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപനങ്ങളിലോ,അനുബന്ധ സ്ഥാപനങ്ങളിലോ ജോലിക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

10. റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ മലിന ജലം സമീപ പ്രദേശത്ത് ഒഴുക്കി വിടരുതെന്നും ആയതിന് ജന വാസം ഇല്ലാത്ത സ്ഥലത്ത് മലിന ജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കണമെന്നും ശുപാർശ ചെയ്യുന്നു.

11. ഔഷധോദ്യാനവും മറ്റ് സസ്യസമ്പത്തിന്റെ സംരക്ഷണവും ആയുർവേദ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായതിനാൽ മരങ്ങളുടെ നഷ്ടം മൂലം പ്രകൃതിക്ക് നാശമുണ്ടാവില്ലെന്ന് കാണുന്നു.

സംസ്ഥാനത്തിന് ആഗോള പ്രശസ്തമായ ഒരു ആയുർവേദ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ,മ്യൂസിയം,അന്താരാഷ്ട്ര പ്രശസ്തമായ ആശുപത്രി എന്നിവ ലഭ്യമാവുന്ന ഒരു ബൃഹത്തായ പദ്ധതിയാണെന്നതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിലൂടെ ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ നാമമാത്രമാണെന്ന് കാണുന്നു. ആയതിനാൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ അത്യന്താപേക്ഷിതമാണെന്ന് ഈ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

| | | |
|---|---|---|
| ശ്രീജ.കെ<br>പ്രസിഡണ്ട്<br>പടിയൂർ കല്യാട്<br>ഗ്രാമപഞ്ചായത്ത് | മോഹനൻ എം. എം<br>വൈസ് പ്രസിഡണ്ട്<br>പടിയൂർ കല്യാട്<br>ഗ്രാമപഞ്ചായത്ത | ഗോപി.എം<br>സാമൂഹ്യ ശാസ്ത്രജ്ഞൻ |

ഡോ. സി രഘുനാഥൻ നായർ
സൂപ്രണ്ട് ആയുർവേദ
ഗവ.മെഡിക്കൽ കോളജ്
ആശുപത്രി,തിരുവന്തപുരം

രാജൻ.പി
റിട്ട.ഡപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

സി.എം.മുരളീധരൻ
റിട്ട. ഡപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

ജിജി.കെ
സാമൂഹ്യ ശാസ്ത്രജ്ഞ
ചെയർപേഴ്സൺ, വിദഗ്ധ സമിതി